# ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ്: ആത്മീയതയുടെ ആത്മനിർവൃതിയിൽ വിശ്വാസികൾ ധന്യരായി

**ജോർജ് തുമ്പയിൽ**

എലൻവിൽ: ഭക്തിയിലും പാരമ്പര്യവിശ്വാസത്തിലും അടിയുറച്ച സഭാസ്നേഹത്തിന്റെ സന്ദേശം വിളിച്ചോതി മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന് പ്രൗഢ ഗംഭീരമായ സമാപനം. അപ്സ്റ്റേറ്റ് ന്യൂയോർക്കിലുള്ള എലൻവിൽ ഓണേഴ്സ് ഹേവൻ റിസോർട്ടിലാണ് നാലുദിവസം നീണ്ട കോൺഫറൻസ് നടന്നത്. വർണശബളമായ ഘോഷയാത്രയോടെയാണ് വൈകുന്നേരം ആറു മണിക്ക് ചടങ്ങുകൾ ആരംഭിച്ചത്. ഭക്തിഗാനങ്ങളുടെയും സഭാവിശ്വാസപ്രഖ്യാപനങ്ങളുടെയും, ശിങ്കാരിമേളത്തിന്റെയും അകമ്പടിയോടെ കുട്ടികളും, യുവജനങ്ങളും, സ്ത്രീപുരുഷന്മാരും വൈദികരും ഒരുമിച്ചു ചേർന്നു നടത്തിയ ഘോഷയാത്ര അവിസ്മരണീയമായി. ശിങ്കാരിമേളമായിരുന്നു ഹൈലൈറ്റ്. എൽമോണ്ട് സെന്റ് ഗ്രിഗോറിയോസ് ചർച്ചിന്റെ നേതൃത്വത്തിലായിരുന്നു മേളം. ലോബിയിൽ നിന്നും ആരംഭിച്ച ഘോഷയാത്ര നിറപ്പകിട്ടാർന്ന വിധത്തിൽ മനോഹരമാക്കാൻ ഓരോരുത്തരും ശ്രദ്ധിച്ചിരുന്നു. കറുത്ത പാന്റും വെളുത്ത ഷർട്ടും ഓരോ ഏരിയയ്ക്കും നിശ്ചയിച്ചിരുന്ന കളറോടുകൂടിയ ടൈയുമാണ് പുരുഷന്മാർ ധരിച്ചിരുന്നത്. സ്ത്രീകൾ അതിനുയോജിച്ച സാരിയും ബ്ലൗസും അണിഞ്ഞെത്തി. ബ്രോങ്ക്സ്, വെസ്റ്റ്ചെസ്റ്റർ അപ്സ്റ്റേറ്റ് ന്യൂയോർക്ക്, ബോസ്റ്റൺ എന്നിവിടങ്ങളിൽ നിന്നുള്ളവർ നീല നിറവും, ക്യൂൻസ് ലോങ് ഐലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ളവർ മെറൂണും, റോക്ക്‌ലാൻഡ്, സ്റ്റാറ്റൻ ഐലൻഡ് എന്നിവിടങ്ങളിൽ നിന്നുള്ളവർ പച്ച കളർ വസ്ത്രങ്ങളുമണിഞ്ഞാണ് ഘോഷയാത്രയിൽ പങ്കെടുത്തത്. ന്യൂജേഴ്സി, ഫിലഡൽഫിയ, ബാൾട്ടിമൂർ, വാഷിങ്ടൺ ഡിസി, വിർജീനിയ, നോർത്ത് കരോളിന എന്നിവിടങ്ങളിൽ നിന്നുള്ളവർ മഞ്ഞ നിറത്തിൽ ശ്രദ്ധേയരായി.

സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ആരംഭിച്ച ഉദ്ഘാടനസമ്മേളനം ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളോവോസ് ഉദ്ഘാടനം ചെയ്തു. പഞ്ചനക്ഷത്ര സൗകര്യങ്ങളിൽ മുഴുകുമ്പോഴും വേരുകൾ നാമൊരിക്കലും മറക്കരുതെന്ന് ഓർമ്മിപ്പിച്ചു കൊണ്ടായിരുന്നു കോൺഫറൻസ് കോർഡിനേറ്റർ ഫാ. വിജയ് തോമസ് സദസിനെ സ്വാഗതം ചെയ്തത്. പിന്നിലേക്ക് നോക്കിയാവണം മുന്നോട്ടു പോകേണ്ടത്. വിശ്വാസത്തിന്റെ ഈ ശക്തിചൈതന്യം സഭ ഇന്ന് ആവോളം അനുഭവിക്കുന്നതും ഇതു കൊണ്ടാണ്. നമ്മുടെ യുവ തലമുറയ്ക്ക്, കടന്നു പോയ തലമുറ സഭയ്ക്ക് വേണ്ടി അനുഭവിച്ച ത്യാഗങ്ങളുടെയും പ്രതിസന്ധികളുടെയുമൊന്നും കഥയറിയില്ല. ഫാമിലി കോൺഫറൻസ് തുടങ്ങിയിട്ട് 35 വർഷം കടന്നു പോയിരിക്കുന്നു. ഇത് തുടങ്ങി വച്ച മഹനീയരെ നമുക്ക് നന്ദിപൂർവ്വം ഈ അവസരത്തിൽ സ്മരിക്കാം. അവരുടെ ത്യാഗനിർഭരമായ നേട്ടങ്ങളെയും അടിയുറച്ച വിശ്വാസങ്ങളെയും ഓർമ്മിച്ചു കൊണ്ടു വിജയ് അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു.

ഭദ്രാസനമെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത, ഫാ. വിജയ് തോമസ്, കീനോട്ട് സ്പീക്കർ വെരി. റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ, ജനറൽ സെക്രട്ടറി ഡോ. ജോളി തോമസ്, ട്രഷറർ തോമസ് ജോർജ് എന്നിവർ ചേർന്നു നിലവിളക്കു കൊളുത്തി. വിശ്വാസികൾ വെളിവ് നിറഞ്ഞോരീശോ... എന്ന ഗാനം ഏറ്റുചൊല്ലി.

വിശ്വാസത്തിലൂന്നിയ ആത്മീയവേദിയിൽ നിൽക്കുമ്പോൾ അനുഭവിക്കാനാവുന്നത് പ്രാർത്ഥനാഭരിതമായ സന്തോഷമാണെന്നു ജനറൽ സെക്രട്ടറി ഡോ.ജോളി തോമസ് പറഞ്ഞു. മഹാരഥന്മാരുടെ കാൽപ്പാദങ്ങൾ പതിഞ്ഞ വേദിയാണിത്. യുവതലമുറ ഇതിൽ നിന്നും ആത്മീയമായ പാഠങ്ങൾ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. വിശ്വാസത്തിൽ അടിയുറച്ചു നിന്ന് സമകാലിക പ്രതിസന്ധികളെ തരണം ചെയ്തു മുന്നോട്ടു പോകാൻ കോൺഫറൻസിൽ പങ്കെടുക്കുന്നതിലൂടെ കഴിയട്ടെ എന്നും ഡോ. ജോളി തോമസ് ആശംസിച്ചു.

തുടർന്ന് സംസാരിച്ച സഖറിയാ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത തന്റെ മുൻഗാമികളായ ഡോ. തോമസ് മാർ മക്കാറിയോസ്, മാത്യൂസ് മാർ ബർണബാസ് എന്നീ മെത്രാപ്പോലീത്തന്മാരെ അനുസ്മരിച്ചു കൊണ്ടാണ് പ്രസംഗിച്ചു തുടങ്ങിയത്. തലമുറകളെ ആഘോഷമാക്കുമ്പോൾ പിൻഗാമികളെ നമുക്കൊരിക്കലും മറക്കാനാവില്ല. തികഞ്ഞ ലാളിത്യമാർന്ന തുടക്കമാണ് ഇന്നത്തെ നിലയിലേക്ക് ഈ കോൺഫറൻസിനെ വളർത്തിയത്. കുടിയേറ്റത്തിന്റെ കാലം മുതൽക്ക് ഇവിടെ പടുത്തുയർത്തിയ സഭാ വിശ്വാസത്തെ ഇന്നും അതേ കരുത്തിൽ നിലനിർത്താൻ കഴിയുന്നത് വിശ്വാസത്തിലൂന്നിയ കർമ്മനിരതമായ പ്രവർത്തനമായിരുന്നു. വിശ്വാസത്തിൽ അഭിവൃദ്ധിപ്പെടുന്ന തലമുറ എന്ന ചിന്താവിഷയത്തെ നാം കൂടുതൽ കരുത്തോടെ ഓർമ്മിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി ഓർത്താണ് ഇന്നത്തെ തലമുറയുടെ വേവലാതി. ഈ മനോഭാവം തിരുത്തേണ്ടിയിരിക്കുന്നു. അവരെക്കുറിച്ചുള്ള ഉത്കണ്ഠയിൽ അർത്ഥമില്ല, ആരുമതിനെക്കുറിച്ച് ആശങ്കപ്പെടേണ്ടതുമില്ലെന്നു തിരുമേനി പറഞ്ഞു. വിശ്വാസത്തിലൂന്നിയുള്ള പ്രവർത്തനമാണ് നമ്മുടേത്. ആത്മീയമായ ഈ കെട്ടുറപ്പ് തലമുറകൾ കൈമാറി നമുക്ക് ലഭിച്ചതാണ്. നമ്മൾ നമ്മോടു തന്നെ സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. എന്തിന് ഈ രാജ്യത്തേക്ക് വന്നു? 99 ശതമാനം പേരും അവസരങ്ങൾ തേടിയെത്തി എന്നു പറയും. അങ്ങനെ വന്നെങ്കിലും ദൈവത്തിന്റെ പദ്ധതിയനുസരിച്ചാണ് നിങ്ങൾ ഇവിടേക്ക് വന്നതെന്നു ഞാൻ പറയും. ഈ വിശ്വാസം നാമെന്നും നിലനിർത്തണം. ആത്മീയമായ കൂട്ടായ്മയും കെട്ടുറപ്പും നമ്മുടെ വിശ്വാസത്തിന് കൂടുതൽ കരുത്തു നൽകും. ദൈവത്തിൽ എല്ലാം ഭദ്രമാണെന്ന് നാം വിശ്വസിക്കുന്നു. പുതി

യ തലമുറയും വിശ്വാസത്തിൽ അടിയുറച്ചു ജീവിക്കുന്നവരാണ്. അതു നിലനിർത്തുകയും അവരുടെ വിശ്വാസത്തെ കൂടുതൽ ബലപ്പെടുത്തുകയുമാണ് കോൺഫറൻസിന്റെ ലക്ഷ്യമെന്നും മാർ നിക്കോളോവോസ് പറഞ്ഞു.

അമേരിക്കയിലെ മലങ്കരസഭയുടെ ചരിത്രനിമിഷത്തിൽ പങ്കെടുക്കാൻ കഴിഞ്ഞതിലെ സന്തോഷം പങ്കു വച്ചു കൊണ്ടാണ് വെരി. റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ ഹ്രസ്വമായ പ്രസംഗം നടത്തിയത്. പ്രതീക്ഷാനിർഭരമായ പുതിയ തലമുറയിൽ നിന്നു സഭ കൂടുതൽ പ്രതീക്ഷിക്കുന്നുണ്ടെന്നു പറഞ്ഞ അച്ചൻ മലേഷ്യയിലെ സഭയുടെ വളർച്ചയെപ്പറ്റി പ്രതിപാദിച്ചു. പിറന്നാൾ ആഘോഷിക്കുന്ന ഭദ്രാസന സെക്രട്ടറി ഫാ.എം.കെ കുറിയാക്കോസിനെയും വേദിയിൽ അനുമോദിച്ചു.

തുടർന്ന് കോൺഫറൻസിനോടനുബന്ധിച്ച് പുറത്തിറക്കുന്ന സുവനീർ മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കോളോവോസ് പ്രകാശനം ചെയ്തു. ഫിനാൻസ് ചെയർ ഫിലിപ്പോസ് ഫിലിപ്പ് , ചീഫ് എഡിറ്റർ ലിൻസി ഫിലിപ്പ് എന്നിവർ സംസാരിച്ചു. ഓൺസൈറ്റ് റെസ്പോൺസിബിലിറ്റിയുടെ ചുമതലയുള്ള ജെസി തോമസ് കോൺഫറൻസ് റൂൾസ് ആൻഡ് റെഗുലേഷൻസിനെ പറ്റി സംസാരിച്ചു. കോർഡിനേറ്റർ ഫാ. വിജയ് തോമസ് കോൺഫറൻസിൽ സമയകൃത്യത പാലിക്കുന്നതിന്റെ പ്രാധാന്യത്തെപ്പറ്റി ഓർമ്മിപ്പിച്ചു. ട്രഷറർ തോമസ് ജോർജ് കൃതജ്ഞത പ്രകാശിപ്പിച്ചു.

സ്റ്റീഫൻ ദേവസി, അഞ്ജു ജോസഫ്, ഡ്രമ്മർ ജിമ്മി ജോർജ് എന്നിവർ നയിച്ച ഡിവോഷണൽ ഗാനമേള സദസിനെ സന്തോഷഭരിതമാക്കി. വൈകുന്നേരത്തെ ക്യാമ്പ് ഫയർ കോൺഫറൻസിലെ പങ്കാളികളെല്ലാവരും ആസ്വദിച്ചു.

വിശ്വാസത്തിന്റെ എല്ലാ നദികളും പസഫിക്ക്, അറ്റ്ലാന്റിക്ക് കോൺഫറൻസ് ഹാളുകളിലെ വിശുദ്ധിയുടെ സമുദ്രത്തിൽ ലയിക്കുന്ന അനുഭവത്തിനാണ് രണ്ടാം ദിനം സാക്ഷ്യം വഹിച്ചത്. ആത്മീയ നിറവിലൂറി വന്ന ഭക്തിയുടെ നീരുറവ വിശ്വാസത്തിന്റെ നദിയിൽ ലയിച്ച് മൂല്യങ്ങളുടെ സമുദ്രത്തിലേക്ക് ചെന്നെത്തുകയായിരുന്നു. ആത്മബോധത്തിന്റെ സമുദ്രത്തിലേക്ക് മിഴി തുറന്ന കോൺഫറൻസിന്റെ രണ്ടാം പകൽ വിശ്വാസികളുടെ ആത്മവിശുദ്ധിയിൽ ധന്യമായി. എലൻവിൽ സാക്ഷ്യം വഹിച്ചത് ആത്മശുദ്ധീകരണത്തിന്റെ സാക്ഷാത്ക്കാരത്തിനും തലമുറകളുടെ വിശ്വാസത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനുമായിരുന്നു.

6.30 ന് നമസ്ക്കാരത്തോടെ പരിപാടികൾക്ക് തുടക്കമായി. മുതിർന്നവർക്കായി ധ്യാനപ്രസംഗം നടത്തിയ ഫാ.തിമോത്തി തോമസ്, പൈതൃകമായി സംഭരിച്ച നാലു ഗുണങ്ങളെപ്പറ്റി സംസാരിച്ചു. മറ്റുള്ളവരെ പരിപോഷിപ്പിക്കുന്നവരാവുക, പ്രകാശം പരത്തുന്നവരാകുക, ജീവിതത്തിന് മൂല്യം കൂട്ടുന്നവരാവുക, സൗഖ്യദായകരാവുക. യുവജനങ്ങൾക്കായുള്ള ധ്യാനപ്രസംഗം നടത്തിയ സെമിനാരിയൻ ബോബി വറുഗീസ് ആവർത്തന പുസ്തകത്തിലെ വംശാവലിയിൽ തുടങ്ങി 21-ാം നൂറ്റാണ്ടിൽ എത്തിനിൽക്കുന്ന യുവജനതയോട് ഒരു പിടി ചോദ്യങ്ങളാണ് ചോദിച്ചത്. എന്താണ് സഭാ ജീവിതത്തിൽ നിങ്ങൾ ചെയ്യാൻ പോകുന്നത്? യുവജനങ്ങൾക്ക് വേണ്ട മാർഗ്ഗനിർദ്ദേശം നൽകുന്ന വൈദികർ, മാതാപിതാക്കൾ തുടങ്ങിയവർക്ക് മേൽ ബോബി വറുഗീസ് ആശംസകൾ ചൊരിയുകയും ചെയ്തു. കോർഡിനേറ്റർ ഫാ. വിജയ് തോമസും ജനറൽ സെക്രട്ടറി ഡോ.ജോളി തോമസും ഈ ദിവസം നടക്കുന്ന പരിപാടികളെക്കുറിച്ച് പ്രതിപാദിച്ചു. ബിനു സാമുവൽ ഭദ്രാസന വളർച്ചയുടെ നാൾവഴി വീഡിയോ പ്രസന്റേഷനിലൂടെ അവതരിപ്പിച്ചു.

തുടർന്ന് കോൺഫറൻസ് ഗായകസംഘം മനോഹരമായ ഗാനങ്ങൾ പാടി. സഫേൺ സെന്റ് മേരീസ്, ഓറഞ്ച്ബർഗ് സെന്റ് ജോൺസ്, വാലികോട്ടേജ് സെന്റ് മേരീസ് എന്നീ ഇടവകകളിൽ നിന്നുള്ളവർ അടങ്ങിയ ഗായകസംഘത്തിന് റവ. ഡോ രാജു വറുഗീസ്, റവ. ഡോ. വറുഗീസ് എം. ഡാനിയൽ, ഫാ. മാത്യു തോമസ് എന്നിവർ നേതൃത്വം നൽകി.

പ്രഭാതഭക്ഷണത്തിനു ശേഷം സഭയുടെ വളർച്ചാപടവുകളെ പറ്റി പ്രധാന പ്രാസംഗികൻ വെരി.റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ ചർച്ച തുടങ്ങിവച്ചു. ദൈവത്തിന്റെ പ്രപഞ്ചസൃഷ്ടി പദ്ധതിയുടെ ഭാഗമായ മനുഷ്യൻ ദൈവീകസാന്നിധ്യം തുളുമ്പുന്നവരായി പൂർണ്ണതയിലേക്ക് വളരുകയെന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ കാതലെന്ന് വെരി. റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ പ്രസ്താവിച്ചു. തലമുറകൾ കൈമാറുന്ന വിശ്വാസമെന്ന വിഷയം അവതരിപ്പിച്ച് പ്രാരംഭപ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. യുവജനങ്ങളെ വിശ്വാസജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുവാൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും അദ്ദേഹം വിശദീകരിച്ചു. മറ്റ് പ്രവാസ മലങ്കര ഓർത്തഡോക്സ് സമൂഹം ഭാവി എന്ത് എന്ന ചോദ്യത്തിനുത്തരമായി അമേരിക്കൻ ഭദ്രാസനങ്ങളെയാണ് ഉറ്റു നോക്കുന്നതെന്നു പറഞ്ഞു കൊണ്ടാണ് തന്റെ ഒന്നാം ദിവസ പ്രസംഗം അവസാനിപ്പിച്ചത്. യുവജനങ്ങൾക്കായി ഫാ. അജു ഫിലിപ്പ് മാത്യുവും, കുട്ടികൾക്കായി ഫാ. എബി ജോർജും സംസാരിച്ചു. ലഘുഭക്ഷണത്തിന് ശേഷം ഗ്രൂപ്പ് ചർച്ചകൾ നടന്നു. ഉച്ച നമസ്ക്കാരത്തിനും ഭക്ഷണത്തിനും ശേഷം സൂപ്പർ സെഷനുകളുടെ സമയമായിരുന്നു.

മനുഷ്യജീവിതത്തിൽ സുനിശ്ചിതമായത് ഒന്നേയുള്ളു-മരണം. എന്നാലത് എപ്പോൾ എവിടെ എങ്ങനെ എന്ന് നിശ്ചമയില്ല താനും. ഒരു ഓർത്തഡോക്സ് വിശ്വാസിക്ക് ജീവിതാന്ത്യത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ ആവശ്യമാണ്. പ്രത്യേകിച്ച് അത്യാധുനിക വൈദ്യശാസ്ത്ര രംഗത്തുള്ള നൂതന കാഴ്ചപ്പാടുകളെക്കുറിച്ച്. വിഷയത്തിലൂന്നിയ പ്രസംഗത്തിന് റവ. ഡോ. വറുഗീസ് എം. ഡാനിയൽ തുടക്കമിടുകയായിരുന്നു. സഹിക്കാൻ കഴിയാത്ത വേദനയുടെ മധ്യത്തിൽ രോഗിയുടെ സമ്മതത്തോടു കൂടിയോ അല്ലാതെയോ മരണം വിധിപ്പാൻ (ദയാവധം നൽകാൻ) അവകാശം ഉണ്ടോ?. മരണശേഷം അവയവങ്ങൾ ദാനം ചെയ്യുന്നത് ഓർത്തഡോക്സ് വിശ്വാസപ്രകാരം പാപമാണോ? മനുഷ്യജീവിതത്തെക്കുറിച്ചും അവന്റെ ശരീരത്തെക്കുറിച്ചുമുള്ള വേദപുസ്തക അടിസ്ഥാനത്തിലുള്ള പഠിപ്പിക്കൽ എ

ന്താണ്? മരണത്തോടു മല്ലടിക്കുന്ന ഒരു രോഗിക്ക് ആയുസ്സു വർദ്ധിപ്പിക്കുന്ന ചികിത്സ നൽകുന്നതിൽ തെറ്റ് ഉണ്ടോ?

എന്താണ് ഇതിന്റെ വേദശാസ്ത്ര അടിസ്ഥാനം. എന്നിവയെക്കുറിച്ചുള്ള വിശദമായ ഒരു പഠനമാണ് സൂപ്പർ സെഷനിൽ റവ. ഡോ. വറുഗീസ് എം. ഡാനിയൽ നടത്തിയത്. ഫോർഡാം യൂണിവേഴ്സിറ്റിയിലെ വിസിറ്റിങ് ഫെലോ ആയ അച്ചൻ 2015-ലെ പാർലമെന്റ് ഓഫ് വേൾഡ് റിലീജിയനിലെ പ്രാസംഗികനായിരുന്നു.

അമേരിക്കൻ മണ്ണിൽ ഇടവകകൾ നിലനിൽക്കുവാനും സംരക്ഷിക്കപ്പെടാനും ധനശേഖരണം അനിവാര്യമാണ്. ഇത് എങ്ങനെ സാധ്യമാകുമെന്നത് ഇടവകകളുടെ ഒരു പ്രധാന ചോദ്യമാണ്. ഇതു കൊണ്ടാണ് ജോൺ കോംഗ്ടണിന്റെ സൂപ്പർ സെഷൻ പ്രസക്തമായത്. ചിട്ടയായ രീതികളും മാർഗ്ഗങ്ങളും ധനശേഖരണത്തിന് പുതിയ ദിശാബോധം നൽകുമെന്ന് ജോൺ കോംഗ്ടൺ പറഞ്ഞു. Donor Centered Philanthropy യിലൂടെ ഏതൊരു പ്രസ്ഥാനത്തിലും കാതലായ മാറ്റങ്ങൾ വരുത്താൻ സാധിക്കും. ആത്മീയ പരിശീലനത്തിലൂടെ ജീവിതചര്യയിൽ തന്നെ മാറ്റങ്ങളുണ്ടാക്കാം, ക്രിസ്തുവിന്റെ ജീവിതം അതാണ് പഠിപ്പിക്കുന്നത്.

ഓർത്തഡോക്സ് സഭയുടെ മഹിമയിൽ ഏറ്റവും പ്രധാനമായത് ആരാധനയാണ്. ആരാധനയിലെ ഗീതം അതിന്റെ മാറ്റ് കൂട്ടുന്നു. എന്നാലത് ഭംഗിയായും ചിട്ടയായും പാടുകയെന്നത് അനിവാര്യമായ ഒന്നാണ്. ആരാധന ശ്രേഷ്ഠമാക്കാൻ സംഗീത ഉപകരണങ്ങൾ ഉപയോഗിക്കപ്പെട്ടേക്കാമെങ്കിലും അമിത ഉപയോഗം ആരാധന സംഗീതത്തെ വികലമാക്കും. മനുഷ്യനെ ഭൗമിക തലത്തിൽ നിന്ന് സ്വർഗ്ഗീയ തലത്തിലേക്ക് ഉയർത്തുന്ന കൗദാശിക പശ്ചാത്തലത്തിൽ ആരാധന സംഗീതം അതിന്റെ മനോഹാരിത നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടത് ഓരോ വിശ്വാസിയുടെയും കടമയാണ്. ഈ വിഷയം ആസ്പദമാക്കിയാണ് ഫാ. തോമസ് പോളും ഫാ. എൽദോസ് ഏലിയാസും സൂപ്പർ സെഷൻ നയിച്ചത്.

വിശ്വാസ സമൂഹം ഒന്നിച്ച് പാടുന്നതിന്റെ ഹാർമണിയും ഒരു പോലെ പ്രതിവാക്യം പറയുന്നതും പരമപ്രധാനമാണ്. സദസ്സിലുണ്ടായിരുന്നവരെ കൊണ്ട് പാടിപ്പിച്ചും പാടിയും പഠിപ്പിച്ചും രണ്ട് അച്ചന്മാരും അരങ്ങ് തകർത്തു. ആരാധനാ ഗീതങ്ങളിലെ എട്ട് നിറങ്ങളുടെ (രാഗങ്ങൾ) വൈവിധ്യം പാടി കൊണ്ട് രണ്ട് അച്ചന്മാരും അവതരിപ്പിച്ചത് അതീവ ഹൃദ്യമായി. ആരാധനാഗീതങ്ങളോട് ജനങ്ങൾക്കുള്ള ആഭിമുഖ്യം പ്രകടമാക്കുന്നതായിരുന്നു, ഹാൾ നിറഞ്ഞു കവിഞ്ഞ ജനക്കൂട്ടം.

മൂന്നു മണിക്ക് കായിക പരിപാടികൾ ആരംഭിച്ചു. വൈദികർ ഉൾപ്പെടെയുള്ള നിരവധി പേർ ആവേശപൂർവ്വം പങ്കെടുത്ത ഒരു പരിപാടിയായിരുന്നു ഇത്. വൈദികരും അത്മായരും തമ്മിൽ നടന്ന വോളിബോൾ മത്സരത്തിൽ ഫാ. ബോബി  പീറ്റർ ക്യാപ്റ്റൻ ആയ വൈദികരുടെ ടീം വിജയികളായി. ഏരിയാവൈസ് വോളിബോൾ മത്സരത്തിൽ വിജയികളായ റോക്ക്ലാൻഡ്/ സ്റ്റാറ്റൻ ഐലൻഡ് ടീം (ഗ്രീൻ) മാർ ബർണബാസ് മെമ്മോറിയൽ ട്രോഫി കരസ്ഥമാക്കി. ന്യൂജേഴ്സി/ ഫിലഡൽഫിയ (യെലോ ടീം) റണ്ണർ അപ്പായി. ബാസ്ക്കറ്റ് ബോൾ, ബേഗൽ ബൈറ്റ് , പാസിങ് ഹോട്ട് പൊട്ടറ്റോ, വടംവലി, ഷോട്ട്പുട്ട്, ലെമൺ ആൻഡ് സ്പൂൺ എന്നീ ഇനങ്ങളിൽ മത്സരവും നടന്നു. രാജു പറമ്പിൽ കോർഡിനേറ്റർ ആയ കമ്മിറ്റിയിലെ മറ്റ് അംഗങ്ങളായ സജി പോത്തൻ, ജീമോൻ വറുഗീസ്, ടൈറ്റസ് അലക്സാണ്ടർ, ഷാജി വറുഗീസ്, ബോബി പറമ്പിൽ, സാറാമ്മ സൈമൺ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

അത്താഴത്തിനും നമസ്ക്കാരത്തിനും ശേഷം ഫാ. സുജിത് തോമസ് ധ്യാനപ്രസംഗം നടത്തി. പ്രധാന ചിന്താവിഷയത്തിലൂന്നി സംസാരിച്ച സുജിത് അച്ചൻ യഹോവയുടെ തണലിൽ ഇരിക്കുമ്പോൾ ആർക്കും താൻ 'സെൽഫ് മെയ്ഡ്' ആണെന്നു പറയുവാൻ സാധിക്കില്ലെന്നു സൂചിപ്പിച്ചു.

ഗായകസംഘം അവതരിപ്പിച്ച- റവ. ഡോ. വറുഗീസ് എം. ഡാനിയൽ ഉൾപ്പെടെയുള്ളവരുടെ- ഗാനങ്ങൾക്ക് ശേഷം സുവനീർ പ്രസിദ്ധീകരണവുമായി സഹകരിച്ചവരെയും പ്രവർത്തിച്ചവരെയും ആദരിക്കുന്ന ചടങ്ങായിരുന്നു. ബിസിനസ്സ് മാനേജർ ഫിലിപ്പോസ് ഫിലിപ്പ് എല്ലാവരെയും പരിചയപ്പെടുത്തി. ഉപഹാരങ്ങൾ നൽകുകയും ചെയ്തു. കൂടുതൽ പണം സമാഹരിച്ച ഇടവകകളെയും ആദരിച്ചു. 312 പേജുള്ള സുവനിയറിലൂടെ എൺപതിനായിരം ഡോളർ സമാഹരിക്കാൻ കഴിഞ്ഞതിൽ മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത ചാരിതാർത്ഥ്യം പ്രകടിപ്പിക്കുകയും ഫിലിപ്പോസ് ഫിലിപ്പ് ഉൾപ്പെടെ എല്ലാവരെയും ആദരിക്കുകയും ചെയ്തു. ചീഫ് എഡിറ്റർ ലിൻസി തോമസിന് മേൽ പ്രശംസാവർഷം ചൊരിഞ്ഞ മാർ നിക്കോളോവോസ് ലിൻസി തോമസിനെ പരാമർശിച്ചു കൊണ്ട് അടുത്ത തലമുറയെപ്പറ്റി തനിക്ക് ആശങ്കയെ ഇല്ലെന്നു പറഞ്ഞു.

തുടർന്ന് കലാപരിപാടികൾ അരങ്ങേറി. കോർഡിനേറ്റർ ജാസ്മിൻ ഉമ്മനും അനുജോസഫും പരിപാടികൾ കോർഡിനേറ്റ് ചെയ്തു. വിവിധ ഇടവകകളിൽ നിന്നുള്ളവർ ഗാനം, നൃത്തം, ഹാസ്യപരിപാടികൾ, ചിത്രീകരണം എന്നിവ അവതരിപ്പിച്ചു.

രാവിലെ 6.30-ന് നമസ്ക്കാരത്തോടെ മൂന്നാം ദിനം ആരംഭിച്ചു. തുടർന്ന് ഫാ. എൽദോസ് ഏലിയാസ് ധ്യാനപ്രസംഗം നടത്തി. 55-ാം സങ്കീർത്തനത്തെ ആസ്പദമാക്കി ദാവീദ് രാജീവ് നേരിട്ട മാനസിക പിരിമുറക്കങ്ങളെപ്പറ്റി പ്രതിപാദിച്ച എൽദോസ് അച്ചൻ, ഈ കാലഘട്ടത്തിലെ പ്രശ്നങ്ങളിൽ നിന്നും പ്രതിസന്ധികളിൽ നിന്നും ഒളിച്ചോട്ടമല്ല, മറിച്ച് ദൈവസന്നിധിയിൽ സമർപ്പണ ബോധത്തോടെ നിന്ന് ദൈവാശ്രയത്തെ മുറുകെ പിടിക്കുമ്പോൾ ഉത്തരം കിട്ടുമെന്നു സൂചിപ്പിച്ചു.

പ്രഭാതഭക്ഷണത്തിനു ശേഷം അറ്റ്ലാന്റിക് ഹാളിൽ ഗായകസംഘം ഗാനങ്ങൾ ആലപിച്ചു. ഓരോ ദിവസവും വ്യത്യസ്തവും ഒരേ പോലെയുള്ളതുമായ വസ്ത്രങ്ങൾ അണിഞ്ഞെത്തിയ 48 പേരടങ്ങിയ പുരുഷന്മാരും സ്ത്രീകളും കുട്ടികളും സദസ്സിന്റെ കണ്ണിനും കാതിനും ഇമ്പമേകി. ഡോ ജോളി തോമസ് ഈ ദിവസത്തെ ക്രമീകരണങ്ങൾ സംബന്ധിച്ച അനൗൺസ്മെന്റ് നടത്തി. ഐക്കോൺ ചാരിറ്റീസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും നേപ്പാൾ ദുരിതാശ്വാസ

ത്തിനായി ഐക്കോൺ ചാരിറ്റീസ് ചെയ്തു കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെപ്പറ്റിയും അജു തര്യൻ വിവരണം നൽകി. വീഡിയോ പ്രസന്റേഷനും ഉണ്ടായിരുന്നു.

പസഫിക്ക് ഹാളിൽ പ്രധാന പ്രാസംഗികൻ വെരി. റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ, ചിന്താവിഷയത്തിലൂന്നിയ പ്രസംഗ പരമ്പരയുടെ രണ്ടാം ഭാഗത്തിലേക്ക് കടന്നു. സഭ എന്നാലെന്ത്, നമ്മുടെ സഭയുടെ സവിശേഷതകളെന്ത് എന്നതിനെപ്പറ്റി ലളിതമായ വാക്കുകളിലൂടെ അച്ചൻ വിവരിച്ചു. സന്ദർഭോചിതമായ ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടിയും ജീവിതപന്ഥാവിലെ നേരറിവുകൾ പങ്ക് വെച്ചും ഫിലിപ്പ് തോമസ് അച്ചൻ സഭാവിശ്വാസികളുടെ മനം കവർന്നു. യുവജനങ്ങൾക്കും കുട്ടികൾക്കുമുള്ള സെഷനുകൾക്ക് യഥാക്രമം ഫാ. എബി ജോർജും, ഫാ അജു ഫിലിപ്പ് മാത്യുവും നേതൃത്വം നൽകി. ലഘു ഭക്ഷണത്തിന് ശേഷം ഗ്രൂപ്പ് അടിസ്ഥാനത്തിൽ ചർച്ചകൾ നടന്നു.

ഉച്ചഭക്ഷണത്തിനു ശേഷം സൂപ്പർസെഷനുകളുടെ സമയമായിരുന്നു. ഭദ്രാസനത്തിന്റെ ഭാവി എന്ന വിഷയത്തിലൂന്നിയ ചർച്ചകൾ ഫാ.സുജിത് തോമസ് കോർഡിനേറ്റ് ചെയ്തു. മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത, വെരി റവ. ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ എന്നിവരും പങ്കെടുത്തു.

സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയുടെ സാന്നിധ്യത്തിൽ ഫാമിലി കോൺഫറൻസിന്റെ മുഖ്യപ്രാസംഗികൻ വെരി. റവ ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ ചോദ്യങ്ങൾക്ക് മറുപടി പറഞ്ഞു. മലേഷ്യയിൽ സഭയുടെ വളർച്ചയും യുവജനങ്ങളുടെ പങ്കാളിത്തവും സഭ നേരിടുന്ന നൂതന വെല്ലുവിളികളും അച്ചൻ ശ്രദ്ധാപൂർവ്വം വിവരിച്ചു. ഭാഷയുടെ അതിർ വരമ്പുകൾക്കപ്പുറം ആരാധനയും ആത്മീയാനുഭവവും യുവമനസ്സുകൾക്ക് ഹൃദ്യമാക്കാൻ അവരെ മുഖ്യധാരയിലേക്ക് എത്തിക്കാൻ നാം പരിശ്രമിക്കണം.

അമേരിക്കൻ ഭദ്രാസനം ഊർജ്ജസ്വലരും സമർത്ഥരുമായ യുവ വൈദികരാൽ സമ്പന്നമാണ്. ഇടവക തലങ്ങളിലും ഭദ്രാസനതലത്തിലും ഈ വൈദികരുടെ നേതൃത്വവും പാണ്ഡിത്യവും ഫലപ്രദമായി മാറുവാൻ പ്രാർത്ഥനയും പിന്തുണയും ആവശ്യമാണ്. പരമ്പരാഗതമായ പരിശീലന മാർഗ്ഗങ്ങൾക്കുമപ്പുറം കാലോചിതവും സാഹചര്യങ്ങൾക്കനുസൃതവുമായ വഴികളിലൂടെ ദൈവകൃപയാൽ വളരുവാൻ നമുക്ക് കഴിയണം. കുഞ്ഞുങ്ങളുടെ സൺഡേ സ്കൂൾ പഠനവും യുവജനങ്ങളുടെ ആരാധനാപങ്കാളിത്തവും മാറുന്ന തലമുറയുടെ മൂല്യബോധനവും കാലാനുസൃതമായി പുനർ നിർവചിക്കാൻ സഭയ്ക്കും നേതൃത്വത്തിനും കഴിയണം. സദസ്സിൽ നിന്നും ഉയർന്ന ചോദ്യങ്ങൾക്ക് അച്ചൻ നൽകിയ മറുപടി ഏറെ പ്രചോദനകരവും ഹൃദ്യവുമായിരുന്നു.

ചരിത്രത്തിലേക്കുള്ള ഒരു തിരിഞ്ഞു നോട്ടമായിരുന്നു ഭദ്രാസന സെക്രട്ടറിയായ ഫാ. എം. കെ. കുറിയാക്കോസ് നയിച്ച സൂപ്പർ സെഷൻ. 1653-ലെ കൂനൻകുരിശു സത്യംവരെയുള്ള മലങ്കര ഓർത്തഡോക്സ് സഭാ ചരിത്രത്തെക്കുറിച്ച് അദ്ദേഹം ക്ലാസ്സെടുത്തു. മലങ്കരസഭയുടെ ചരിത്രം അതിന്റെ തനിമയിലേക്കും അതുല്യതയിലേക്കും വെളിച്ചം വീശുന്ന ചൂണ്ടുപലകയാണ്. ഇന്ത്യ ചരിത്രത്തിലെ വിദേശ ശക്തിയുടെ അധീനതയ്ക്കെതിരേ ഉയർന്ന ആദ്യത്തെ സ്വാതന്ത്ര്യസമരമാണ് 1653-ലെ കൂനൻ കുരിശ് സത്യം. എഡി 520-ൽ മാർത്തോമ്മ ശ്ലീഹായാൽ സ്ഥാപിതമായ മലങ്കരസഭയുടെ ശ്ലൈഹിക അധികാരത്തെ കീഴ്പ്പെടുത്താൻ ശ്രമിച്ച പാശ്ചാത്യ ശക്തിക്കെതിരേയുള്ള സത്യമാർഗ്ഗത്തിന്റെ ശബ്ദമായിരുന്നു ആ ശബ്ദം.

1499-ൽ പേർഷ്യൻ സഭയുമായുണ്ടായിരുന്ന ബന്ധത്തെയും ആരാധന പാരമ്പര്യത്തെയും നിർജ്ജീവിപ്പിക്കാനുള്ള ശ്രമമമായിരുന്ന ആ വർഷം നടന്ന ഉദയംപേരൂർ സുന്നഹദോസ്. ഇന്ന് പ്രചാരത്തിലിരികക്കുന്ന കുർബ്ബാന, റാസ, കശ്ശീശ തുടങ്ങിയ പൗരസ്ത്യ സുറിയാനി പദങ്ങൾ ഈ ബന്ധത്തിന്റെ തുടർച്ചയാണ്.

1653-നു ശേഷം പല പാശ്ചാത്യസഭകളും മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താൻ ശ്രമങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അതാതു കാലങ്ങളിലെ മലങ്കരസഭ പിതാക്കന്മാർ ശക്തമായ ആത്മീയ നേതൃത്വത്തിൽ പ്രതിരോധിച്ചിട്ടുണ്ട്. ഇതിന്റെ ഫലമാണ് തദ്ദേശിയതിൽ വേരൂന്നിയ ഈ സഭയുടെ സ്വയം ശീർഷകത്വവും പൗരാണികത്തനിമയും.

മർത്തമറിയം വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ വൈസ് പ്രസിഡന്റ് ഫാ. ടി.എ തോമസ് അധ്യക്ഷത വഹിച്ചു. സാറാ വറുഗീസ് (ജനറൽ സെക്രട്ടറി), മേരി വറുഗീസ് (ട്രഷറർ), മേരി എണ്ണച്ചേരിൽ (ദിവ്യബോധനം) എന്നിവർ സംസാരിച്ചു.

അറ്റ്ലാന്റിക്ക് ഹാളിൽ 'എന്തു കൊണ്ട് ഓർത്തഡോക്സി' എന്ന വിഷയത്തിലൂന്നി ഫാ. വി.എം ഷിബു ക്ലാസ്സെടുത്തു. ഓർത്തഡോക്സിയും ഒരു ജീവിതവഴിത്താരയാണ്. ഇതിനെ ഒരു തീർത്ഥാടനത്തോടു ഉപമിക്കാം. മറ്റൊന്നായി പറഞ്ഞാൽ, ദൈവത്തോട് ഒന്നായി ചേരുന്ന വളർച്ച. സത്പ്രവർത്തികൾ ചെയ്യുകയും സുവാർത്ത അറിയിക്കുകയും സവിനയം ജീവിക്കുകയും ചെയ്താൽ ഓർത്തഡോക്സിയിലൂടെയുള്ള യാത്ര ധന്യമാകും.

നാലു മണി കാപ്പിക്ക് ശേഷം നടന്ന പ്ലീനറി സെഷനിൽ കോർഡിനേറ്റർ ഫാ.വിജയ് തോമസ്, ഭദ്രാസന കൗൺസിൽ അംഗം ഡോ. സാക്ക് സഖറിയ എന്നിവർ സ്ഥിതി വിവര കണക്കുകളും സർവ്വേഫലങ്ങളും പങ്കുവച്ചു. ഗ്രൂപ്പ് ചർച്ചകളിൽ ഉരുത്തിരിഞ്ഞ് വന്ന ആശയങ്ങൾ വിജയ് അച്ചനും, ഡോ. സാക്ക് സഖറിയയും ചേർന്ന് നർമ്മരസത്തിൽ അവതരിപ്പിച്ചു. യുവജനങ്ങൾക്ക് വേണ്ടി റോഷനും നേഹയും സൺഡേ സ്കൂൾ കുട്ടികളും തങ്ങളുടെ അനുഭവങ്ങൾ പങ്കു വച്ചു. കുട്ടികൾ ഒരു ആക്ഷൻ സോങ് അവതരിപ്പിക്കുകയും ചെയ്തു. സ്പോർട്സ്, ഗയിംസ് മത്സരങ്ങളിൽ വിജയികളായവർക്കുള്ള സമ്മാനവിതരണം മാർ നിക്കോളോവോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു.

അത്താഴത്തിന് ശേഷം നമസ്ക്കാര ശുശ്രൂഷ നടന്നു. ഗായകസംഘം ഗാനങ്ങൾ ആലപിച്ചു. മുതിർന്നവർക്കുള്ള

ധ്യാനയോഗം ഫാ. ബോബി പീറ്റർ നയിച്ചു. 1 ശാമുവൽ 9.20–നെ ആസ്പദമാക്കി ശൗലിന്റെ ജീവിതപരാജയ കഥയായിരുന്നു ബോബിയച്ചന്റെ സന്ദേശം. ദൈവത്തിന് നന്ദി കരേറ്റേണ്ട പ്രാർത്ഥന ശൗൽ വിസ്മരിച്ചു. നൽകപ്പെട്ട രാജത്വം, പരിശുദ്ധാത്മ ആവാസം, പുതിയ ഹൃദയം എന്നിവയൊക്കെ ശൗൽ നിരാകരിച്ചു. മനസ്സിൽ അഹങ്കാരം നിറഞ്ഞപ്പോൾ ദൈവം ഈ മൂന്നു ഗുണങ്ങളും തിരിച്ചെടുത്തു. പിന്നെ നാം കാണുന്നത് ശൗലിന്റെ തകർച്ചയാണ്. ഇതൊരു പാഠമാണ്. ദൈവത്തിനു നന്ദി കരേറ്റേണ്ട മനുഷ്യരായ നാം ശൗലിനെ പോലെ ആയിത്തീരരുത്.എല്ലാ ദിവസവും പ്രാർത്ഥിക്കണം. ദൈവം തരുന്ന അനുഗ്രഹങ്ങളെ അഹങ്കാരം കാണിച്ചു നിരാകരിക്കാതെയിരിക്കുക. യുവജനങ്ങൾക്കുള്ള ധ്യാനം ഫാ. ഗ്രിഗറി വറുഗീസും കുട്ടികൾക്കുള്ളത് വെരി റവ.ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പയും നിർവഹിച്ചു.

തുടർന്ന് പ്രത്യേക പ്രാർത്ഥനകളോടെ വി. കുമ്പസാരത്തിനുള്ള സമയമായിരുന്നു. മൂന്നു ദിവസത്തെ തിരക്കാർന്ന പ്രോഗ്രാമുകളിൽ പങ്കെടുത്തും പങ്കെടുപ്പിച്ചും നേതൃത്വം കൊടുത്തും സഹകരിച്ചവർക്കൊക്കെ ആത്മീയ ഉണർവ്വ് അനുഭവിക്കാനും സ്വത്വത്തിലേക്ക് തിരിഞ്ഞു നോക്കാനുമുള്ള സമയമായിരുന്നു.

ശാന്തമായ തുടക്കം, ഗംഭീരമായ അവസാനം. കോൺഫറൻസിന്റെ മൂന്നാം ദിനം അക്ഷരാർത്ഥത്തിൽ അങ്ങനെയായിരുന്നു. യാമപ്രാർത്ഥനകളും ധ്യാനവും നിറഞ്ഞ ആത്മീയാന്തരീക്ഷം പലപ്പോഴും പസഫിക്കിലെയും അറ്റ്ലാന്റിക്കിലെയും അപ്രതീക്ഷിത തിരമാലകളെന്ന പോലെ വിശ്വാസത്തിൽ അടിയുറച്ചു ഉയർന്നു പൊങ്ങി. ആത്മീയവും വ്യക്തിത്വവും ഓരോ വിശ്വാസിയും തിരിച്ചറിഞ്ഞ നിമിഷങ്ങൾ പലപ്പോഴും കോൺഫറൻസിന് മാറ്റ് കൂട്ടി. വിശ്വാസത്തിൽ കൂടി ദൈവിക സത്യങ്ങളെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുവാനുതകുന്ന ദീപ്തിമത്തായ ധ്യാനയോഗങ്ങളും ചർച്ചാക്ലാസുകളും കൊണ്ട് മൂന്നാം ദിവസമായ വെള്ളിയാഴ്ച സമ്പന്നവും സജീവുമായിരുന്നു.

ശനിയാഴ്ച രാവിലെ നമസ്ക്കാര ശുശ്രൂഷയ്ക്ക് ശേഷം സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ വിശുദ്ധ കുർബ്ബാന നടന്നു. കോൺഫറൻസിൽ പങ്കെടുത്ത എല്ലാ വൈദികരും സഹകാർമ്മികരായി. മാർ നിക്കോളോവോസ് പങ്കെടുത്തവർക്കും കമ്മിറ്റികൾക്കും കോർഡിനേറ്റർമാർക്കും കോൺഫറൻസ് നേതാക്കൾക്കും ഔദ്യോഗികമായി നന്ദി രേഖപ്പെടുത്തി. ഡോ. ജോളി തോമസ് ഹൃദയഭാഷയിലാണ് നന്ദി പ്രകടനത്തിലൂടെ സംസാരിച്ചത്. വെരി റവ.ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ, ഫാ. വിജയ് തോമസ് എന്നിവരും സംസാരിച്ചു.

കോൺഫറൻസ് ഹൈലൈറ്റ്സ് പവർപോയിന്റ് പ്രസന്റേഷനിലൂടെ ബിനു സാമുവൽ അവതരിപ്പിച്ചു. കോൺഫറൻസിലെ പ്രധാന പ്രാസംഗികരായ വെരി റവ.ഫിലിപ്പ് തോമസ് കോർ എപ്പിസ്കോപ്പ, ഫാ.എബി ജോർജ്, ഫാ. അജു ഫിലിപ്പ് മാത്യൂസ് എന്നിവരെ പ്രശംസാഫലകം നൽകി ആദരിച്ചു. പൗരോഹിത്യ രജത ജൂബിലി ആഘോഷിച്ച ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളോവോസ് മെത്രാപ്പോലീത്തയ്ക്ക് ആശംസകൾ നേരുകയും ചെയ്തു.

കോൺഫറൻസിൽ എല്ലാ ദിവസവും 'കോൺഫറൻസ് ക്രോണിക്കിൾ' എന്ന പേരിൽ ദിനപത്രം പ്രസിദ്ധീകരിച്ചിരുന്നു. ഓരോ ദിവസവും നടന്ന പരിപാടികളുടെ സംക്ഷിപ്തരൂപം രാവിലെ തന്നെ വർണ്ണപകിട്ടാർന്ന പ്രിന്റിങ്ങോടു കൂടി പങ്കെടുത്തവർക്ക് എത്തിക്കാനായി. ആവേശകരമായ വരവേൽപ്പാണ് ക്രോണിക്കിളിന് ലഭിച്ചിരുന്നത്. തുടർച്ചയായ നാലാം തവണയാണ് കോൺഫറൻസിനോടനുബന്ധിച്ച് ന്യൂസ് ലെറ്റർ പ്രസിദ്ധീകരിക്കുന്നത്.

ഫോട്ടോസെഷന് ശേഷം ഉച്ചഭക്ഷണത്തോടു കൂടി കോൺഫറൻസ് സമാപിച്ചു. ഭദ്രാസന കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്ന കോൺഫറൻസ് ഭദ്രാസന മെത്രാപ്പോലീത്ത സഖറിയ മാർ നിക്കോളോവോസാണ് നേതൃത്വം നൽകിയത്. കോർഡിനേറ്റർ ഫാ.വിജയ് തോമസ്, ജനറൽ സെക്രട്ടറി ഡോ.ജോളി തോമസ്, ട്രഷറർ തോമസ് ജോർജ്, ജോയിന്റ് ട്രഷറാർ ജീമോൻ വറുഗീസ് എന്നിവർ നേതൃത്വം നൽകി. അനർഘങ്ങളായ ആത്മീയ സത്യ പൊരുളുകളുടെ ചുരുൾ തേടിയും ആത്മീയതയുടെ ആത്മനിർവൃതിയിൽ ലയിച്ചും നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി യൂത്ത് കോൺഫറൻസ് വിജയമായെന്ന് വിശ്വാസികൾ ഒന്നടങ്കം പറഞ്ഞു.